# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4128** **25.06.2018-ൽ** മറുപടിക്ക്

**തിരുവനന്തപുരം മൃഗശാലയിലെ പ്രവേശന ഫീസ്**

ചോദ്യം
ശ്രീ. വി.എസ്.ശിവകുമാർ

മറുപടി
ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാലയിലെ പ്രവേശന ഫീസ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ പ്രവേശന ഫീസ് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 20/18/സാം.കാ.വ തീയതി 18.01.2018 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഫീസ് വർദ്ധനവിലൂടെ ലഭിക്കുന്ന വരുമാനം മൃഗശാലയുടെ നവീകരണത്തിനായി ഉപയോഗപ്പെടുത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എന്ത് തുക ഇക്കാര്യത്തിനായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | മൃഗശാലയുടെ വരുമാനം സർക്കാരിന്റെ റവന്യൂ ശീർഷകത്തിലാണ് ഒടുക്കുന്നത്. വരുമാനത്തിൽ നിന്നും തുക വിനിയോഗിച്ചിട്ടില്ല. |
| (സി) | മൃഗശാലയിലെ മാനുകളുടെ വംശവർദ്ധനവ് മൂലം കൂടുകളിൽ ഉൾക്കൊള്ളാനാവാത്ത സ്ഥിതിയിൽ അവയ്ക്ക് പകർച്ചവ്യാധി ഭീഷണി നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>മാനുകളുടെ വംശവർദ്ധനവ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**